# Malayala Manorama
# 31 August 2018
# Perumbaboor; Flood Relief

## ജുമാനയുടെ നല്ല മനസ്സ്

പെരുമ്പാവൂർ • സ്കോളർഷിപ്പിനത്തിൽ ആദ്യമായി ലഭിച്ച 12,000 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു സംഭാവന ചെയ്ത് ആറാം ക്ലാസ് വിദ്യാർഥിനിയുടെ മാതൃക. നോർത്ത് ഏഴിപ്രം ഗവ. യുപി സ്കൂളിലെ വിദ്യാർഥിനി ജുമാന ഫാത്തിമയാണു കുഞ്ഞു സഹായവുമായി ദുരിതബാധിതർക്കായി കൈകോർത്തത്.



സ്കോളർഷിപ്പിനത്തിൽ ആദ്യമായി ലഭിച്ച 12,000 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു നൽകാനായി ജുമാന ഫാത്തിമ്മ എസ്ബിഐ മഞ്ഞപ്പെട്ടി ബ്രാഞ്ച് അധികൃതരെ ഏൽപിക്കുന്നു.

മികച്ച രീതിയിൽ പഠിക്കുന്ന വിദ്യാർഥികൾക്കു വാഴക്കുളം എവിടി കമ്പനി നൽകുന്നതാണു സ്കോളർഷിപ്. ഈ വർഷമാണ് ആദ്യമായി സ്കോളർഷിപ് ലഭിച്ചത്. സ്കോളർഷിപ് കിട്ടുമ്പോൾ തന്റെ ആഗ്രഹങ്ങൾക്കായി വിനിയോഗിക്കണമെന്നാണു വിചാരിച്ചതെന്നും എന്നാൽ അതിനേക്കാൾ വലുതാണു പ്രളയ ദുരിതബാധിതരുടെ അവസ്ഥയെന്നും ജുമാന പറയുന്നു. പിടിഎ വൈസ് പ്രസിഡന്റ് അനസ് താഴത്താന്റെയും ഷാബയുടെയും മകളാണു ജുമാന.